മലയാള മനോരമ 21 December 2016

# മൽസ്യ കൂടുകൃഷി: ആദിവാസി കുടുംബങ്ങൾക്കു മികച്ച നേട്ടം

കൊച്ചി ● കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മൽസ്യ കൂടുകൃഷി പദ്ധതിയിൽ ആദിവാസി കുടുംബങ്ങൾക്കു മികച്ച നേട്ടം. മരട് നഗരസഭയിലെ തണ്ടാശേരി കോളനിയിൽ സിഎംഎഫ്ആർഐ യുടെ നേതൃത്വത്തിൽ നടത്തിയ കരിമീൻ കൂടുകൃഷിയാണു വിജയകരമായത്. ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിനു വേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ട്രൈബൽ സബ് പ്ലാൻ (ടിഎസ്പി) ഉപയോഗിച്ച് എട്ടു മാസം മുൻപ് ആരംഭിച്ച കൃഷിയാണു വിളവെടുത്തത്. 750 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു തുടങ്ങിയ കൃഷി വിളവെടുപ്പിൽ 250 മുതൽ 300 ഗ്രാം വരെ തൂക്കം വരുന്ന കരിമീനുകളാണു കിട്ടിയത്. കിലോയ്ക്കു 400 മുതൽ 500 രൂപ വരെ വില കിട്ടുമെന്നാണു പ്രതീക്ഷിക്കുന്നത്.

സിഎംഎഫ്ആർഐ വികസിപ്പിച്ച പേൾസ്പ്പോട്ട് ആയിരുന്നു തീറ്റ. ജിഐ പൈപ്പ് ഉപയോഗിച്ചു നാലു മീറ്റർ വീതം നീളവും വീതിയുമുള്ള രണ്ടു കൂടുകളാണു കൃഷിക്ക് ഉപയോഗിച്ചത്. ഒരു ചതുരശ്ര മീറ്ററിൽ 20 കുഞ്ഞുങ്ങളെ ഇട്ടായിരുന്നു കൃഷി. കൃഷി ചെയ്യാനും സ്വയംസംരംഭകരാകാനും ആവശ്യമായ പരിശീലനം സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസിന്റെ നേതൃത്വത്തിലുള്ള സംഘം നൽകി.

വിളവെടുപ്പ് മരട് നഗരസഭ അധ്യക്ഷ ദിവ്യ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനായാണു ട്രൈബൽ സബ് പ്ലാനിന് കീഴിൽ സിഎംഎഫ്ആർഐ മൽസ്യ കൂടുകൃഷി നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. കൃഷി വൻവിജയമായതോടെ സ്ത്രീകളടക്കം കൂടുതൽ പേർ പദ്ധതിയിൽ പങ്കാളികളാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. സ്വയംതൊഴിൽ മാർഗമായി കൂടുകൃഷി നടത്താൻ തണ്ടാശേരി കോളനി നിവാസികൾക്കു പരിശീലനം നൽകി.